**കേരള സർക്കാർ**

സംഗ്രഹം

**തദ്ദേശ സ്വയംഭരണ വകുപ്പ് -ശാന്തൻപാറ ഗ്രാമപഞ്ചായത്ത് -കോ-ഓർഡിനേഷൻ കമ്മറ്റി തീരുമാനം-അന്വേഷണ സംഘത്തെ നിയോഗിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

================================================================

**തദ്ദേശ സ്വയം ഭരണ (എ.സി) വകുപ്പ്**

സ.ഉ.(സാധാ) നം. /1211/ 2018/തസ്വഭവ തിരുവനന്തപുരം, തീയതി, 26/04/2018

പരാമർശം:- 1) ശാന്തൻപാറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 09/02/2018 ലെ ബി 1-400/18 നം.കത്ത്
2) 21/03/2018 ലെ ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മറ്റിയുടെ 4.51 നം. തീരുമാനം.

**<u>ഉത്തരവ്</u>**

ശാന്തൻപാറ ഗ്രാമപഞ്ചായത്ത് ബസ് സ്റ്റാൻഡ് നിർമ്മാണത്തിന് അധികമായി നടത്തിയ പ്രവർത്തികളുടെ തുകയായ 20 ലക്ഷം രൂപ നൽകാൻ അനുവദിക്കണമെന്ന് പരാമർശം(1) പ്രകാരം ശാന്തൻപാറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ആവശ്യപ്പെട്ടിരുന്നു. ഈ വിഷയത്തിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ പരാമർശം (2) തീരുമാനപ്രകാരം സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസറെ ചുമതലപ്പെടുത്തുകയുണ്ടായി. പ്രസ്തുത നിർദ്ദേശ പ്രകാരം 27/04/2018, 28/04/2018 തീയതികളിൽ ശാന്തൻപാറ ഗ്രാമപഞ്ചായത്തിൽ അന്വേഷണം നടത്തുന്നതിനായി താഴെപറയുന്ന ഉദ്യോഗസ്ഥരെ നിയോഗിച്ച് ഇതിനാൽ ഉത്തരവാകുന്നു .

1. ശ്രീമതി.മിനിമോൾ അബ്രാഹം, അഡീഷണൽ സെക്രട്ടറി&സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ.(ic)
2. ശ്രീ.ബിനോയ് മാത്യു സെക്ഷൻ ഓഫീസർ,തദ്ദേശ സ്വയം ഭരണ (എ.സി) വകുപ്പ്.
3. ശ്രീ.അനേഷ് കുമാർ.എസ്.എ. അസി.സെക്ഷൻ ഓഫീസർ,തദ്ദേശ സ്വയം ഭരണ (എ.ബി) വകുപ്പ്.
4. ശ്രീ.ജോൺസൺ മാത്യു സീനിയർ ഗ്രേഡ് അസിസ്റ്റന്റ്, തദ്ദേശ സ്വയം ഭരണ (എ.സി) വകുപ്പ്.

ടി ഉദ്യോഗസ്ഥരുടെ ശാന്തൻപാറ ഗ്രാമപഞ്ചായത്ത് വരെയും തിരിച്ചുമുള്ള യാത്രയ്ക്കും അനുമതി നൽകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**സന്തോഷ്.വി.എസ്.**
**ഗവൺമെന്റ് അണ്ടർ സെക്രട്ടറി**

To

ബന്ധപ്പെട്ട എല്ലാ ഓഫീസർമാർക്കും.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ).കേരളം ,തിരുവനന്തപുരം.
പൊതുഭരണ (ബഡ്ജറ്റ് വിംഗ്) വകുപ്പ്.
സെക്രട്ടറി,ശാന്തൻപാറ ഗ്രാമപഞ്ചായത്ത്.
സബ് ട്രഷറി ഓഫീസർ ,സെക്രട്ടറിയേറ്റ്,,തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്).കേരളം ,തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ.ഐ.കെ.എം.തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

സെക്ഷൻ ഓഫീസർ